ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റി ശുപാർശചെയ്തിട്ടുള്ള പദ്ധതികൾ

*൧൧൦൨. (നന്തു) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തൃശ്ശൂർ ഡിവിഷൻ ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റി ഇതുവരെ എത്ര പണികൾ ശുപാർശചെയ്തു അയച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അതിൽ ഏതെല്ലാം പണികൾക്കു ഗവൺമെണ്ട് അനുമതി നല്കി കഴിഞ്ഞു എന്നും അതിൽ എത്ര പണികൾ ആരംഭിച്ചു കഴിഞ്ഞു എന്നും ദയവായി പറയാമോ;

(ബി) ബാക്കി പണികൾ എപ്പോൾ ആരംഭിക്കുമെന്നും പറയാമോ?

പൊതുമരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൻ ഫിലിപ്പോസ്):

(എ) ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) ഈയാണ്ടിൽത്തന്നെ അനുവദിച്ചിട്ടുള്ള എല്ലാ പണികളും പൂർത്തിയാക്കുന്നതിലേയ്ക്കു വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

വ്യവസായ ശാലകൾ

*൧൧൦൩. (൪൦) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) സംയോജനത്തിനുശേഷം തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ വിദേശികളോ വിദേശകമ്പനിക്കാരോ വ്യവസായശാല തുടങ്ങിയിട്ടുണ്ടോ;

(ബി) സ്വദേശികൾ വല്ല വ്യവസായശാലയും തുടങ്ങിയിട്ടുണ്ടോ.

വ്യവസായവും എക്സൈസും തദ്ദേശസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ:)

(എ) ഇല്ല.

(ബി) ഉണ്ട്.

പട്ടിക ജാതിക്കാർ

*൧൧൦൪. (൪൧) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായ വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) തിരുവിതാംകൂർ–കൊച്ചിയിലെ പട്ടിക ജാതിയിൽ പെടുന്ന സമുദായങ്ങൾ ഏതെല്ലാം;

(ബി) കുട്ടമ്മി, വീരശൈവർ, വേളാർ എന്നീ സമുദായങ്ങൾ പട്ടിക ജാതിയിൽ ഉൾപ്പെടുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള മാനദണ്ഡമെന്ത്;

(സി) ൧൯൫൧, ൧൯൫൭ ഈ വർഷങ്ങളിലെ സെൻസസ്സ് റിപ്പോർട്ടുകളിൽ അധഃകൃതർ എന്നു വിവക്ഷിക്കപ്പെടാതിരുന്ന ഏതെല്ലാം സമുദായങ്ങളെ പട്ടിക വർഗ്ഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതിനു ഇന്നുണ്ടായ സാഹചര്യങ്ങൾ അഥവാ കാരണങ്ങൾ എന്തെല്ലാമെന്നും ദയവായി പറയുമോ?

വ്യവസായവും എക്സൈസും തദ്ദേശ സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ:)

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിൽ പട്ടിക ജാതിയിൽ പെടുന്ന സമുദായങ്ങളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കടമ്മി, വേളാൻ എന്നീ സമുദായങ്ങളും പട്ടിക ജാതിയിൽ ഉൾപ്പെട്ടതായില്ല. വീരശൈവർ ഉൾപ്പെട്ടതായുണ്ട്. സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ സ്ഥിതിയാണ് ഇതിനുള്ള മാനദണ്ഡം.

(സി) ചില സമുദായങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. മൻ ഖണ്ഡികയിൽ വിവരിച്ച കാരണങ്ങളാൽ കൊണ്ടതന്നെ.

(Vide answer to Part "A" of Question No. 1103)

For the purpose of the Advancement of Backward Communities—such communities have been classified under these categories. They are:—

List I—Schedule castes

1. Pulayan (Cheramar)
2. Paraya (Sambava)
3. Ayyanavar
4. Ulladan
5. Nayadi
6. Ottara
7. Vedan
8. Vettuvan
9. Domban
10. Iruvalan
11. Cootan
12. Pallen
13. Valluvan
14. Kuravas
15. Kakkalan
16. Arassars
17. Chakkiliyan
18. Bharatars
19. Kanakkan
20. Padannan
21. Uraly
22. Velan
23. Pathiyan
24. Vannan (Varnavar)
25. Mannan
26. Perumannan
27. Thandan
28. Paravan
29. Chakkanar
30. Vallon
31. Velladan
32. Pandyans
33. Vathiriyans
34. Thachars
35. Panas
36. Pulluvas
37. Kavaras
38. Veera Saiva

മതം മാറിയ പിന്നോക്ക സമുദായക്കാർ

*ക്ര ൦ ൫. (൫൫) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്ക സമുദായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ക്രൻ൫ൻ, ക്രൻ൫൦ ഈ സാമ്പത്തിക വർഷങ്ങളിൽ അവശക്രൈസ്തവർക്ക് മതപരിത്തനംചെയ്ത അവശസമുദായങ്ങളിൽപെട്ട വിദ്യാർത്ഥികൾക്ക പിന്നോക്കസമുദായോന്നമന ഡിപ്പാർട്ട്മെന്റിൽനിന്നും ചിലവുചെയ്ത സംഖ്യ എത്രവീതമെന്ന പ്രത്യേകം പറയുവാൻ ദയവുണ്ടാകുമോ;

(ബി) ക്രൻ൫൦–ക്രൻ൫ക്ര സാമ്പത്തിക വർഷത്തിൽ പിന്നോക്കസമുദായ ഡിപ്പാർട്ട്മെന്റിൽനിന്നും ഈ ആവശ്യത്തിലേക്ക എത്ര സംഖ്യ നീക്കിവച്ചിട്ടുണ്ടെന്നും ആ സംഖ്യ എങ്ങിനെയെല്ലാം ചെലവു ചെയ്യാനുദ്ദേശിക്കുന്നുവെന്നും പറയുമോ;

(സി) പിന്നോക്ക വർഗ്ഗങ്ങളിൽനിന്നും ഇസ്ലാം മതം സ്വീകരിച്ചിട്ടുള്ളവരുകളിൽനിന്നും സഹായങ്ങളോ സൗജന്യങ്ങളോ ലഭിക്കണമെന്ന വല്ല നിവേദനങ്ങളോ അപേക്ഷകളോ കഴിഞ്ഞ രണ്ടു കൊല്ലങ്ങൾക്കകം ഡിപ്പാർട്ട്മെന്റുമുഖേന സർക്കാരിനു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

LIBRARY ARCHIVES Kerala Legislative Assembly